# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 3

## വാർത്താക്കുറിപ്പ്

# എം.ജി. സർവകലാശാല ബിരുദാനന്തരബിരുദ പ്രവേശനം; ഏകജാലക ഓൺലൈൻ രജിസ്ട്രേഷൻ മേയ് 10 മുതൽ

- പ്രവേശനത്തിന് ഏകജാലക സംവിധാനം
- രജിസ്ട്രേഷൻ മേയ് 25 വരെ
- ആദ്യ അലോട്ട്മെന്റ് ജൂൺ ആറിന്

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ വിവിധ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ മേയ് 10ന് ആരംഭിക്കും. ഏകജാലക സംവിധാനത്തിലൂടെയാണ് മെരിറ്റ്, പട്ടികജാതി-വർഗ-എസ്.ഇ.ബി.സി.-ഇ.ബി.എഫ്.സി. സംവരണ സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടക്കുക.

### രജിസ്ട്രേഷൻ ഓൺലൈനായി

സർവകലാശാലയുടെ www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് രജിസ്റ്റർ ചെയ്യേണ്ടത്. വെബ്സൈറ്റിലെ 'പി.ജി. ക്യാപ് 2019' എന്ന ലിങ്കിൽ പ്രവേശിച്ച് 'കാൻഡിഡേറ്റ് രജിസ്ട്രേഷൻ' ലിങ്കിൽ ക്ലിക്ക് ചെയ്യണം. ഈ ലിങ്കിലൂടെ 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ പ്രവേശിച്ച് അപേക്ഷകന്റെ പേര്, ഇ-മെയിൽ വിലാസം, ജനനത്തീയതി, സംവരണവിഭാഗം എന്നീ വിവരങ്ങൾ നൽകി പാസ്‌വേഡ് സൃഷ്ടിക്കണം. തുടർന്ന് ഓൺലൈനായി ഫീസ് അടയ്ക്കണം. പൊതുവിഭാഗത്തിന് 1250 രൂപയും എസ്.സി., എസ്.ടി. വിഭാഗത്തിന് 625 രൂപയുമാണ് അപേക്ഷ ഫീസ്. അപേക്ഷ ഫീസ് അടച്ചാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാകൂ. അപേക്ഷ നമ്പരായിരിക്കും അപേക്ഷകന്റെ ലോഗിൻ ഐ.ഡി. ഓൺലൈനായി ഫീസടച്ചശേഷം അപേക്ഷകന്റെ അക്കാദമിക വിവരങ്ങൾ നൽകി പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അപേക്ഷ സബ്മിറ്റ് ചെയ്യണം. മേയ് 25ന് ഉച്ചകഴിഞ്ഞ് രണ്ടുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ട. വെബ്സൈറ്റിലെ മാർഗനിർദേശങ്ങൾ അനുസരിച്ച് അപേക്ഷ നൽകണം.

### ആദ്യ അലോട്ട്മെന്റ് ജൂൺ ആറിന്

ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെന്റ് ജൂൺ ആറിന് നടക്കും. മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗ സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലകം വഴി അപേക്ഷിച്ച ശേഷം അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളജുകളിൽ നേരിട്ട് നൽകണം. ലക്ഷദ്വീപിൽനിന്നുള്ള അപേക്ഷകർക്കായി ഓരോ കോളജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികൾ ഏകജാലകത്തിലൂടെ അപേക്ഷിക്കുകയും അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളജിൽ നേരിട്ട് നൽകുകയും ചെയ്യണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗ സംവരണ സീറ്റുകളിലേക്ക് പ്രവേശനം സാധിക്കില്ല.

സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗ സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ മേയ് 22നകം ഓൺലൈനായി അപേക്ഷിക്കണം. ഈ സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് മേയ് 23ന് പ്രസിദ്ധീകരിക്കും . ഇതു സംബന്ധിച്ച രേഖകളുടെ പരിശോധന അതത് കോളജുകളിൽ മേയ് 23, 24 തീയതികളിൽ നടക്കും.

സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗ സംവരണം , മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളജ് അധികൃതർ വിജ്ഞാപന തീയതികൾക്ക് അനുസൃതമായി പ്രവേശന നടപടികൾ പൂർത്തീകരിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു . കോളജ് അധികൃതർ ഇ -മെയിൽ ദിവസേന പരിശോധിക്കണം . വിശദവിവരം ക്യാപ് വെബ് സൈറ്റിൽ ലഭിക്കും . ഇ-മെയിൽ: pgcap@mgu.ac.in വിശദവിവരത്തിന് ഫോൺ: 88641784,88651784,88661784.

(പി.ആർ.ഒ./39/806/2019)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/റീഅപ്പിയറൻസ്-2015 അഡ്മിഷൻ മുതൽ) പരീക്ഷ മേയ് 15ന് ആരംഭിക്കും. പിഴയില്ലാതെ മേയ് ആറുവരെയും 500 രൂപ പിഴയോടെ മേയ് ഏഴുവരെയും 1000 രൂപ സൂപ്പർ ഫൈനോടെ മേയ് ഒമ്പതുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/807/2019)

ബി.ടെക്. ആറാം സെമസ്റ്റർ (പുതിയ സ്കീം) മെക്കട്രോണിക്സ്(ഐ.സി.) പരീക്ഷ മേയ് ഏഴിന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

(പി.ആർ.ഒ./39/808/2019)

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിലെയും ഒന്നാം സെമസ്റ്റർ എം .എസ് സി . സി.ഇ ആൻഡ് എൻ .റ്റി. (കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റവർക്കിങ് ടെക് നോളജി- 2018 അഡ്മിഷൻ റഗുലർ/2018 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ മേയ് 28ന് ആരംഭിക്കും. പിഴയില്ലാതെ മേയ് 13 വരെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ മേയ് 14 വരെയും 1000 രൂപ സൂപ്പർ ഫൈനോടെ മേയ് 16 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/809/2019)

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ ഒന്നാം സെമസ്റ്റർ എം .ഫിൽ സുവോളജി (2016-17 ബാച്ച്) പരീക്ഷ മേയ് 24 ന് ആരംഭിക്കും. പിഴയില്ലാതെ മേയ് ഒമ്പതുവരെ അപേക്ഷിക്കാം . 500 രൂപ പിഴയോടെ മേയ് 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ മേയ് 14 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/810/2019)

## പരീക്ഷ തീയതി പുനക്രമീകരിച്ചു

നാലാം സെമസ്റ്റർ എം .എ./എം.എസ് സി /എം.കോം./എം.സി.ജെ./എം.എം.എച്ച്/എം.എസ്. ഡബ്ല്യൂ ആൻഡ് എം .ടി.എ./എം.ടി.ടി.എം. ( 2017 അഡ്മിഷൻ റഗുലർ , 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് -സി.എസ്.എസ്.) പരീക്ഷയുടെ മേയ് ആറ് , ഏഴ്, എട്ട് തീയതി കളിൽ നടത്താനിരുന്ന വിവിധ വിഷയങ്ങളിലെ പരീക്ഷ തീയതി പുനക്രമീകരിച്ചു . മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/811/2019)

മേയ് 22 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ സി .ബി.സി.എസ്./സി.ബി.സി.എസ്.എസ്. യു.ജി. കോമൺ കോഴ്സ് II സെക്കൻഡ് ലാംഗ്വേജ് പരീക്ഷ മേയ് 25ന് നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/812/2019)

## പി.എച്ച്ഡി. പ്രവേശനപരീക്ഷ; രജിസ്ട്രേഷൻ മേയ് 10 വരെ

### -സോഷ്യോളജിയിലും ജേണലിസത്തിലും പ്രവേശന പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാലയിലെ പി .എച്ച്ഡി. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി മേയ് 10 ന് വൈകിട്ട് അഞ്ചുവരെ രജിസ്റ്റർ ചെയ്യാം . അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് മേയ് 13ന് ഉച്ചകഴിഞ്ഞ് മൂന്നിനകം സർവകലാശാലയിൽ സമർപ്പിക്കണം . മറ്റു വിഷയങ്ങൾക്കൊപ്പം സോഷ്യോളജി, ജേണലിസം വിഷയങ്ങളിലും പി.എച്ച്ഡി. പ്രവേശനപരീക്ഷ നടക്കും.

(പി.ആർ.ഒ./39/813/2019)

### സ്വാശ്രയ കോളേജ് മാനേജർമാരുടെ യോഗം മെയ് ആറിന്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ആർട്സ് ആന്റ് സയൻസ്, ആർക്കിടെക്ചറൽ, ബി.എഡ്., ലോ, സീപാസ് കോളേജുകളിലെ മാനേജർമാരുടെ യോഗം മെയ് ആറിന് രാവിലെ 10.30ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും.

(പി.ആർ.ഒ./39/814/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ